Mr. P. A. Mohamed Ashroff (*Cranganur*): Sir, I beg leave of the Council to withdraw the resolution.

Resolution, by leave, withdrawn

RESOLUTION No. 4

Need for distribution of educational requisites to Depressed Class Students soon after the re-opening of Schools after the mid summer vacation

മിസ്റ്റർ കെ. കെ. കണ്ണൻ: സർ, "മിഡ്സമ്മർ വെക്കേഷനുശേഷം വിദ്യാലയങ്ങൾ തുറന്നു രണ്ടാഴ്ചക്കകം അധഃകൃതവിദ്യാർത്ഥിനികൾക്കുള്ള വിദ്യാഭ്യാസോപകരണങ്ങൾ വിതരണം ചെയ്യേണമെന്നു ഈ സഭ ബഹുമാനപ്പെട്ട ഗവൺമെണ്ടിനോടു് ശുപാർശ ചെയ്യുന്നു." ഈ പ്രമേയം എനിക്കു് അവതരിപ്പിക്കേണ്ടിവന്നിട്ടുള്ളതിനു പ്രധാന കാരണങ്ങളുണ്ടു്. ഇതിൽ "വിദ്യാർത്ഥികൾക്കു്" എന്നുള്ളതിനു "വിദ്യാർത്ഥിനികൾക്കു്" എന്നെഴുതിട്ടുള്ളതു് അച്ചടിപിശകാണെന്നാണു് ഞാൻ ഉദ്ദേശിക്കുന്നതു്. ഈ വിഷയത്തിലേക്കു ഗവൺമെണ്ടിന്റെ ശ്രദ്ധയെ കാര്യമായി ക്ഷണിക്കേണ്ടതുണ്ടു്. കാരണം അധഃകൃതവിദ്യാർത്ഥികൾക്കു പുസ്തകങ്ങളും മറ്റുപകരണങ്ങളും തക്കസമയത്തു കിട്ടുന്നില്ലെന്ന പരാതി വളരെക്കാലമായി ഉണ്ടായിക്കൊണ്ടിരിക്കുകയാണു്. അതിനു ഇതേവരെ യാതൊരു നിവാരണവും ഉണ്ടായിട്ടില്ല. ഒരുകാലത്തു്, പരേതനായ ഡയറക്ടർ മത്തായി ഉണ്ടായിരുന്ന കാലത്തു് വളരെ കാര്യക്ഷമമായ നിലയിലാണു് വിദ്യാഭ്യാസ സൌജന്യങ്ങൾ വിതരണം ചെയ്തിരുന്നതു്. അതിനുശേഷം വളരെ മോശമായിട്ടുള്ള ഒരു രീതിയിലാണു് വിദ്യാഭ്യാസ സൌജന്യങ്ങൾ വിതരണം ചെയ്യപ്പെട്ടുവരുന്നതെന്നു എനിക്കു പറയാതെ കഴിയുകയില്ല. ഈ സഭയിൽ തന്നെ പല ചോദ്യങ്ങളും ഇതിനെ സംബന്ധിച്ചു ചോദിക്കുകയുണ്ടായിട്ടുണ്ടു്. കാര്യമായ നടപടികൾ എടുക്കാമെന്നു ഗവൺമെണ്ടുഭാഗത്തുനിന്നു പലപ്പോഴും മറുപടികൾ പറയുകയും ചെയ്തിട്ടുണ്ടു്. എന്നിരുന്നാലും അതിനൊരു നിവാരണം ഇതുവരെ ഉണ്ടായികാണുന്നില്ല. അതുകൊണ്ടാണു് എനിക്കിവിടെ ഈ പ്രമേയം കൊണ്ടുവരേണ്ടിവന്നതു്. ഈ കൊല്ലം മിക്ക സ്കൂളുകളിലും പുസ്തകങ്ങളും മറ്റും വിതരണം ചെയ്തിട്ടുള്ളതു് quarterly examination കഴിഞ്ഞതിനുശേഷമാണു്. അതിന്റെ കാരണമെന്താണെന്നു ഇനിയും വ്യക്തമാകുന്നില്ല. സ്റ്റോക്കില്ലെന്നു പറയുന്നതുകൊണ്ടു് അതിനു ശരിയായ മറുപടിയാകുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. സ്റ്റോക്കില്ലെന്നും സ്റ്റോക്കില്ലാഞ്ഞിട്ടാണു് പുസ്തകങ്ങൾ കൊടുക്കാതിരുന്നിട്ടുള്ളതെന്നും അധികൃതന്മാർ പലപ്പോഴും പറയുകയുണ്ടായിട്ടുണ്ടു്. സ്റ്റോക്കില്ലായെന്നുണ്ടെങ്കിൽ മറ്റു വിദ്യാർത്ഥികൾക്കും പുസ്തകങ്ങൾ കിട്ടുന്നതിനുള്ള പ്രയാസം നേരിടേണ്ടതല്ലെ എന്നാണു് എനിക്കു ഗവൺമെണ്ടിനോടു് ചോദിക്കുവാനുള്ളതു്. ഈ ഒരു സമാധാനം ഇനിയെങ്കിലും മാറാതെ തരമില്ല. എനിക്കു ഒരു രണ്ടു നിർദ്ദേശം ഈ കാര്യത്തിൽ ഗവൺമെണ്ടിനു നൽകുവാനുണ്ടു്. സ്കൂൾ തുറക്കുന്നതിനു മുമ്പുതന്നെ എല്ലാ വിദ്യാലയങ്ങളിലുമുള്ള ഹെഡ് മാസ്റ്റർമാരോടു് തക്ക സമയത്തു് ഇൻഡന്റു അയക്കണമെന്നുള്ള ഒരു നിർദ്ദേശം കൊടുക്കേണ്ടതു് അത്യാവശ്യമാകുന്നു. ആ നിർദ്ദേശം ഇപ്പോൾ കൊടുക്കുന്നുണ്ടോ എന്നു എനിക്കു നിശ്ചയമില്ല. അങ്ങിനെ കർശനമായ ഒരു നിർദ്ദേശം കൊടുക്കുകയാണെന്നുണ്ടെങ്കിൽ തീച്ചയായിട്ടും ഇൻഡന്റുകൾ പാസ്സായിട്ടു വിതരണം നടത്തുന്ന കാര്യത്തിൽ വളരെ താമസമുണ്ടാകുമെന്നു എനിക്കു തോന്നുന്നില്ല. ഇൻഡന്റുകൾ തക്ക സമയത്തു അയക്കണമെന്നു നിർദ്ദേശിക്കുന്നുണ്ടെങ്കിലും പല സ്കൂളുകളിൽനിന്നും തക്ക സമയത്തു ഹെഡ്മാസ്റ്റർമാർ ഇൻഡന്റുകൾ അയക്കാതെ താമസിപ്പിക്കുന്നുണ്ടു്. ഇൻഡന്റുകൾ അയക്കുന്നതിനു താമസംനേരിട്ടാൽ അയച്ചശേഷം അതു് അധഃകൃതസംരക്ഷകന്റെ ആപ്പീസ്സിൽ ചെന്നിട്ടു പാസ്സാക്കി അതായതു സ്കൂളുകളിലേക്കയക്കുന്നതിനു താമസം നേരിടും. ഈ മാതിരി താമസം എല്ലാ സ്കൂളുകളിലും ഉണ്ടാകുകയാണെങ്കിൽ പ്രായോഗികമായി സപ്ലൈ നടത്തുന്നതിനും താമസം നേരിടാതെ കഴിയുകയില്ല. അതുകൊണ്ടു് വളരെ നിഷ്കൃഷ്ടിച്ചു് ഇനിയെങ്കിലും ഈ വിതരണം ശരിക്കു നടത്തിക്കണമെന്നാണു് ഞാൻ ആവശ്യപ്പെടുന്നതു്. ഈ സൌജന്യംകൊണ്ടു് വിദ്യാർത്ഥികൾക്കു ശരിയായ ഗുണം ഉണ്ടാകണമെന്ന ഉദ്ദേശമാണു് ഗവൺമെണ്ടിനും ഈ സഭയിലെ എല്ലാവർക്കും ഉള്ളതെന്നു് ഞാൻ വിശ്വസിക്കുന്നുണ്ടു്. അതുകൊണ്ടു് ഈ പ്രമേയത്തെ ഗവൺമെണ്ടിന്റേയും സഭയുടേയും ശ്രദ്ധക്ഷണിയിപ്പിച്ചുകൊണ്ടു് അവതരിപ്പിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

* മിസിസ്സ് കെ. എം. ജോർ. മേനോൻ: സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു. തൃശ്ശിവപേരൂർ ഹരിജൻ വിദ്യാർത്ഥിനി ഹോസ്റ്റലിന്റെ ഒരു ആണറി വിസിറർ എന്ന നിലക്കു ഞാൻ പലപ്പോഴും കുട്ടികളോട് ഈ കാര്യത്തെപ്പററി ചോദിച്ചിട്ടുണ്ട്. അവക്കു സമയത്തു പുസ്തകങ്ങളും ഉടുപ്പുകളും കിട്ടുന്നില്ലെന്നുള്ള ആക്ഷേപം പലപ്പോഴും എനിക്കു കേൾക്കുവാൻ സാധിച്ചിട്ടുണ്ട്. ഏതായാലും ഗവമ്മെണ്ടു് സൌജന്യം കൊടുക്കുന്നുണ്ട്. എന്നാൽ അതു ആവശ്യമുള്ള സമയത്തു കൊടുത്താൽ അവക്കു വളരെ ഉപകാരമായിരിക്കും. പഠിക്കുവാനുള്ള പുസ്തകങ്ങൾ അഞ്ചാറുമാസം കഴിഞ്ഞു കിട്ടിയിട്ടു് അതുകൊണ്ടു എന്താണു് പ്രയോജനം? വിദ്യാർത്ഥികൾക്കു സ്കൂൾ തുറന്നു ആറുമാസം കഴിഞ്ഞതിട്ടു പുസ്തകങ്ങൾ കിട്ടുന്നതുകൊണ്ടു യാതൊരു പ്രയോജനവുമില്ല. ഇങ്ങിനേയുള്ള ബുദ്ധിമുട്ടുകൾ പലപ്പോഴും കുട്ടികൾ എന്നോടു പറഞ്ഞിട്ടുണ്ട്. അതുകൊണ്ടു എന്തൊ ഗവമ്മെണ്ടു അവക്കു കൊടുക്കുവാൻ തീർച്ചയാക്കിട്ടുള്ളതു് അതു സ്കൂൾ തുറക്കുന്നതിനു മുമ്പായി കൊടുത്താൽ കൊള്ളാമെന്നു അഭിപ്രായപ്പെട്ടുകൊണ്ടു ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

* മിസ്റ്റർ കെ. എസ്സ്. പണിക്കർ: സർ, ഈ പ്രമേയത്തെ സംബന്ധിച്ചു രണ്ടു വാക്കു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. പാഠപുസ്തകങ്ങൾ അധഃകൃത വിദ്യാർത്ഥികൾക്കു മാത്രമല്ല മറ്റുള്ളവക്കും സമയത്തു കിട്ടുന്നില്ല എന്ന പരാതി ധാരാളമുണ്ടു്. അധഃകൃത വിദ്യാർത്ഥികൾക്കു പുസ്തകം സമയത്തു കിട്ടാത്തതു കൺട്രാക്റ്റരുടെ കുറ്റമാണെന്നു ഞാൻ വിശ്വസിക്കുന്നില്ല. അധഃകൃതരല്ലാത്തവക്കും ഈ കൊല്ലം പുസ്തകം കിട്ടിയില്ല എന്നു ആക്ഷേപമുണ്ടു്. പല ആളുകൾക്കും പകർത്തി എഴുതി എടുത്തു പഠിക്കേണ്ടി വന്നിട്ടുണ്ടു്. ഗവമ്മെണ്ടിനെ സംബന്ധിച്ചിടത്തോളം ഇതിലുള്ള ഒരു ദോഷം കുട്ടികളെ അഡ്മിറ്റു ചെയ്തതിനുശേഷം ഇൻഡന്റു ചെയ്യുന്നു എന്നുള്ളതാണു്. സാധാരണ അഡ്മിഷൻ ക്ലോസു് ചെയ്തതിനുശേഷമാണു് അതാതു സ്കൂളുകളിൽനിന്നും ഹെഡ്മാസ്റ്റർമാർ ഇൻഡന്റു അയക്കുന്നതു്. അതിനുശേഷമാണു് പുസ്തകങ്ങളുടെ കാര്യം വരുന്നതു്. ഈ വക ദോഷങ്ങളെ പരിഹരിക്കുവാനായിട്ടു അഡ്മിഷൻ സ്കൂൾ തുറക്കുന്നതിനുമുമ്പായി നടത്തുവാൻ ഗവമ്മെണ്ടു വിചാരിക്കുന്നുണ്ടു്. അപ്പോൾ ആ ദോഷം ഇല്ലാതാകുന്നതാണു്. പാഠപുസ്തക കമ്മിറ്റിക്കാർ ഒരു കാര്യം ശ്രദ്ധിക്കേണ്ടതുണ്ടു്. പാഠപുസ്തകങ്ങൾ അംഗീകരണത്തിനു അയക്കുമ്പോൾ അതോടുകൂടി ഇന്ന ദിവസത്തിനുള്ളിൽ പുസ്തകം പ്രസിദ്ധീകരിക്കുന്നതാണെന്നുള്ളതിനു് പബ്ലിഷേഴ്സിന്റെ പക്കൽനിന്നും ഒരു അഷുറൻസ്സു വാങ്ങിക്കണം. അതായതു ആവശ്യമുള്ള കുട്ടികൾക്കു ഇന്നദിവസം പുസ്തകങ്ങൾ തന്നുകൊള്ളാമെന്നു ഒരു ഉറപ്പു വാങ്ങിക്കണം. ഇപ്പോൾ പുസ്തകം അംഗീകരിച്ചു കഴിഞ്ഞാൽ അതനുസരിച്ചു പബ്ലിഷേഴ്സു് സമയത്തു പുസ്തകം അച്ചടിച്ചു പ്രസിദ്ധപ്പെടുത്താത്തതുകൊണ്ടു് പുസ്തകങ്ങൾ കിട്ടാതെ വളരെ ബുദ്ധിമുട്ടു അനുഭവിക്കേണ്ടിവരുന്നുണ്ടു്. ഇപ്പോൾ പുസ്തകം കിട്ടാത്തതിനു ഒരു പ്രധാനദോഷം അതാണു്. ഈ ദോഷത്തെ പരിഹരിക്കുന്നതിനു വേണ്ട നടപടിയെടുക്കുന്നതിനു വിദ്യാഭ്യാസ മന്ത്രിയെ പ്രോത്സാഹിപ്പിക്കണമെന്നു് അപേക്ഷിച്ചുകൊണ്ടു ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

* മിസ്റ്റർ പി. ഗോവിന്ദമേനോൻ: സർ, ഈ പ്രമേയത്തിൽ പറയുന്ന അധഃകൃത വിദ്യാർത്ഥീ വിദ്യാർത്ഥിനികൾക്കു തക്കസമയത്തു പുസ്തകം കിട്ടുന്നില്ലെന്ന വസ്തുത ഗവമ്മെണ്ടിന്റെ ദൃഷ്ടിയിൽപെട്ട കഴിഞ്ഞതിട്ടുണ്ടു്. പലേ കാര്യങ്ങളെക്കൊണ്ടും ഈ വക ആക്ഷേപങ്ങളുണ്ടാകുന്നതാണു്. മിസ്റ്റർ പണിക്കർ പറഞ്ഞ മാതിരി പലേ കാര്യങ്ങളേയും നോക്കിയല്ലാതെ ഇതിനു തക്ക പരിഹാരം ഉണ്ടാകയില്ല. സാധാരണ സ്കൂൾ തുറന്നാൽ കുട്ടികളെ ചേർക്കൽ ഒരു മാസത്തേക്കുണ്ടാകും. കുട്ടികളെ ചേർക്കൽ കഴിഞ്ഞതിട്ടു ഓരോ ക്ലാസ്സിലും, ഓരോ സ്കൂളിലും എത്ര കുട്ടികൾ അഡ്മിറ്റു ചെയ്യപ്പെട്ടിട്ടുണ്ടു് എന്നറിയുവാൻ സാധിക്കയുള്ളു. ഓരോ ക്ലാസ്സിലും എത്ര അധഃകൃത വിദ്യാർത്ഥീ വിദ്യാർത്ഥനികൾ ഉണ്ടു എന്നു കണ്ടിട്ടുവേണം അവക്കു വേണ്ട സാധനങ്ങൾക്കു ഗവമ്മെണ്ടിലേക്കു ഇൻഡന്റു അയക്കുവാൻ. ഈ ഇൻഡന്റു അയച്ചു പാസ്സായി വരുമ്പോൾ ഏതാണ്ടു സ്കൂൾ തുറന്നു മുന്നു നാലു മാസം കഴിയും. വിദ്യാഭ്യാസ ഡിപ്പാർട്ടുമെണ്ടിനെ സംബന്ധിച്ചിടത്തോളം ഈ സംഗതി Uplift ഡിപ്പാർട്ടുമെണ്ടു ചെയ്യേണ്ട ഒരു കാര്യമാണെന്നാണു് വെച്ചുചിരിക്കുന്നതു്. പാഠപുസ്തകങ്ങളും ചില സന്ദർഭങ്ങളിൽ കുറച്ചു താമസിച്ചു തയ്യാറാകുകയുള്ളു. ഈ വക കാര്യങ്ങൾക്കെല്ലാം പരിഹാരമുണ്ടാക്കാതെ ഈ വിഷമങ്ങൾ തീരുകയില്ല. അടുത്ത കൊല്ലത്തേക്കു സ്കൂൾ തുറക്കുമ്പോൾ ഈ

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

വിഷമങ്ങൾ തീർക്കുന്നതിനു വേണ്ട നടപടികൾ ഗവൺമെണ്ടു എടുത്തുവരുന്നുണ്ടു്. അതൊക്കെ നടപടിയിൽ വരുമെന്നാണു് പ്രതീക്ഷ. അതിനു സ്കൂൾ തുറക്കുന്നതിനു രണ്ടാഴ്ചക്കുമുമ്പു അഡ്മിഷൻ കഴിയണം. അതായതു ഏടവം ഫർസ്റ്റ്-ാംക്ലാസ്സിനു മുമ്പു ഓരോ സ്കൂളിലും, ഓരോ ക്ലാസ്സിലും എത്ര അധഃകൃത വിദ്യാർത്ഥികൾ ഉണ്ടെന്നു തീർച്ചയാക്കണം. സ്കൂൾ തുറക്കുന്നതിനു മുമ്പു് അതാതു സ്കൂളുകളിലേക്കു ആവശ്യമുള്ള മാസ്റ്റർമാരെ വെക്കണം. അപ്പോൾ സ്കൂൾ തുറക്കുമ്പോൾ ഓരോ ക്ലാസ്സിലേക്കും വേണ്ട കുട്ടികളും മാസ്റ്റർമാരും ഉണ്ടാകും. സ്കൂൾ തുറക്കുന്നതിനുമുമ്പു് പാഠപുസ്തകങ്ങളൊക്കെ തയ്യാറാക്കിക്കൊള്ളണം, അല്ലെങ്കിൽ പ്രിസ്ക്രിപ്ഷൻ കൺസൽ ചെയ്യുകയുന്നതാണെന്നു പബ്ലിഷേഴ്സിനു നോട്ടീസ്സു കൊടുക്കുവാൻ ഏർപ്പാടു ചെയ്തിട്ടുണ്ടു്. ഇങ്ങിനെ വരുകയാണെങ്കിൽ ഓരോ സ്കൂളിലുമുള്ള അധഃകൃത വിദ്യാർത്ഥികൾക്കു സ്കൂൾ തുറക്കുമ്പോൾ തന്നെ പുസ്തകങ്ങളും മറ്റും കൊടുക്കുവാൻ സാധിക്കും. സർക്കാരിൽ നിന്നു പണ്ഡിത സംഘത്തെ നിയമിച്ചു പുസ്തകം എഴുതിച്ചു സർക്കാരിൽനിന്നുതന്നെ അച്ചടിച്ചു സ്കൂൾ തുറക്കുന്നതിനു ഫർ ദിവസം മുമ്പു അതിനു നിയമിതനാകുന്ന ഉദ്യോഗസ്ഥൻ ഓരോ സ്കൂളിലേക്കും ആവശ്യമുള്ള പുസ്തകങ്ങൾ അതാതു സ്കൂൾ ഹെഡ്മാസ്റ്റർമാരെ ഏല്പിക്കണമെന്നുള്ള ഒരു ഏർപ്പാടു ഉണ്ടാക്കുന്നതിനു ഗവൺമെണ്ടു ആലോചിച്ചു വരുന്നുണ്ടു്. ഈ വക പരിഷ്കാരങ്ങൾ എല്ലാംവരുന്നതോടുകൂടി ശ്രീമാൻ കണ്ണൻ ഇവിടെ പറഞ്ഞ ആക്ഷേപങ്ങൾ മിക്കവാറും ഇല്ലാതാകുമെന്നാണു് ഗവൺമെണ്ടു പ്രതീക്ഷിക്കുന്നതു്.

The House rose for lunch at 1-32 p.m. and reassembled at 2-32 p.m. with the Hon'ble Deputy President M.R.Ry. P. K. Dewer Avl., in the Chair.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ: മിസ്റ്റർ ഡെപ്യൂട്ടിപ്രസിഡണ്ടു്, സർ, ഈ ശ്രദ്ധേയമായ പ്രമേയത്തിൽ താങ്കളെ അനുമോദിക്കുന്നതിനു് എനിക്കുവലിയ സന്തോഷമുണ്ടു്. ഈ സഭയിലെ പാവപ്പെട്ട തൊഴിലാളികളുടെ പ്രതിനിധിയെന്നനിലയിൽ ഒരു പ്രസിദ്ധപ്രവർത്തകനായ അങ്ങു് ഈ സ്ഥാനത്തേക്കു് ഉയർന്നുവന്നതിൽ എനിക്കുകൂടുതൽ അധികം സന്തോഷമുണ്ടു്. വിശിഷ്യാ, ഈ നിയമസഭയിലെ കീഴ്നടപടികളെ മാറ്റത്തക്ക ഉചിതമായ ഒരു പുതിയ സംഗതിയുംകൂടി ഞാൻ അങ്ങയുടെ ഈ സ്ഥാനാരോഹണത്തിൽ കാണുന്നു. ഇതുവരെയായി ഒരു നോമിനേറ്റഡ് മെമ്പർ ഈ സ്ഥാനത്തേക്കു വരികയുണ്ടായിട്ടില്ല. അന്നെല്ലാം അതിനെപ്പറ്റി ചില സംശയങ്ങൾ മെമ്പർമാരുടെയിടയിലുണ്ടായിരുന്നു. ആ സംശയം ഇന്നു് ശരിയായ വഴിക്കു തീർന്നിരിക്കുന്നു. ഈ നിയമസഭയിലെ ഏതൊരു അംഗത്തിനും ഇന്നു് ഇതിന്റെ അധ്യാസനാധിപത്യത്തിലിരിക്കുവാൻ സാധിക്കുമെന്നു് അങ്ങയുടെ ഈ സ്ഥാനാരോഹണം വ്യക്തമാക്കിക്കഴിഞ്ഞിട്ടുണ്ടു്. ഇതിനുമുമ്പും എനിക്കുണ്ടായിരുന്നവാദം ഇതുതന്നെയായിരുന്നു്. അന്നതു ഫലിച്ചില്ലെങ്കിലും ഇപ്പോൾ അതു ഫലിച്ചുകണ്ടതിൽ എനിക്കു് പ്രത്യേകിച്ചും വളരെ സന്തോഷമുണ്ടു്. ഞാൻ എപ്പോഴും ആ സ്ഥാനത്തെ വീക്ഷിക്കുന്നതു്, ആ സ്ഥാനത്തിരിക്കുന്ന വ്യക്തി ആരുതന്നെയായാലും ആസ്ഥാനത്തിരിക്കുന്ന ആൾ അവിടെയിരുന്നുകൊണ്ടു ചെയ്യേണ്ടതായ കാര്യങ്ങളെപ്പറ്റിമാത്രമാണു്. ആ നിലയിൽനിന്നുനോക്കുമ്പോഴും ഈ നിയമസഭയുടെ അവകാശങ്ങളും അധികാരങ്ങളും അങ്ങയുടെ കയ്യിൽ സുരക്ഷിതമായിരിക്കുമെന്നു് എനിക്കു് നല്ലവണ്ണം ബോദ്ധ്യമുണ്ടു്. അങ്ങയെ അടുത്തുപരിചയിച്ചിട്ടുള്ള എനിക്കു് അങ്ങ ആ സ്ഥാനത്തിരിക്കുവാൻ ശരിക്കും അർഹതയുള്ളവനാണെന്നുപറയുവാൻ അശേഷം മടിയില്ല. അങ്ങ വളരെ യോഗ്യനായ ഒരു ഡപ്യൂട്ടിപ്രസിഡെണ്ടായി വർത്തിക്കുമെന്നതിനു സംശയമില്ല. ഇനിയൊരു അവസരത്തിൽ, അടുത്ത ഭാവിയിൽ തന്നെ അങ്ങേക്കു പ്രസിഡണ്ടുസ്ഥാനവുംകൂടി കിട്ടത്തക്കനിലയിൽ അങ്ങേക്കു് അവിടെയിരുന്നുകൊണ്ടുതന്നെ പ്രവൃത്തിക്കുവാൻകഴിയുമെന്നു ഞാൻ വിശ്വസിക്കുന്നു. അതു ശരിക്കു കൈവരുവാൻ അതിനുള്ള കഴിവുകൾ അങ്ങേക്കു് ഇപ്പോഴുള്ളതിനേക്കാൾ കൂടുതലായിത്തീരുവാനായിട്ടു് ഞാൻ ജഗദീശ്വരനോടു പ്രാർത്ഥിക്കുന്നു. ഞാൻ അങ്ങയെ ഹാർദ്ദമായി അനുമോദിക്കുന്നു.

*മിസ്റ്റർ പി. ഗോവിന്ദമേനോൻ: സർ, അങ്ങേക്കു വന്നുചേർന്നിട്ടുള്ള ഈ സ്ഥാനലബ്ധിയിൽ ഞാൻ അനുമോദിച്ചുകൊള്ളുന്നു. ഈ ഉയർന്ന സ്ഥാനത്തേക്കു് അങ്ങയെ തിരഞ്ഞെടുത്തതിൽ കൊച്ചിയിലെ പൊതുജീവിതത്തിൽ രാഷ്ട്രീയരംഗത്തിന്നിടയിൽ വന്നുചേരുവാൻപോകുന്ന ചില പുതിയ ഗതിവ്യത്യാസങ്ങളും ഞാൻ കാണുന്നുണ്ടു്. എന്റെ ഒാമ്മ ശരിയാണെന്നുണ്ടെങ്കിൽ ഒരു തൊഴിലാളിപ്രവർത്തകന്റെ നിലയിലാണു് അങ്ങു് പൊതുജീവിതം ആരംഭിച്ചതു്. നിയമസഭയിലെ പ്രസിഡണ്ടുസ്ഥാനം, ഡിപ്യൂട്ടിപ്രസിഡണ്ടുസ്ഥാനം, സഭയിൽനിന്നുലഭിക്കുന്ന മറ്റു വിശേഷപ്പെട്ടസ്ഥാനങ്ങൾ ഇവയെല്ലാം സർവ്വകലാശാലാ

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Govinda Menon

ബിരുദധാരികൾക്കും, മറ്റ് ഉയർന്തെന്നഗണിക്കപ്പെട്ടന്ന ആളുകൾക്കും ഉള്ള ഒന്നാണെന്നുള്ള ഒരു പാരമ്പര്യം വിട്ട് സാധാരണക്കാരനും സാധാരണക്കാരുടെയിടയിൽ പ്രവൃത്തിക്കുന്നവർക്കും കൊച്ചിയിലെ ഏതൊരു ഉന്നതപദവിയിലും എത്തിച്ചേരുവാൻ അതിവേഗം സാധിക്കുമെന്നുള്ളതിന്റെ ഒരു നാന്ദിയായിട്ടാണ് ഞാൻ അങ്ങയുടെ ഈ ഉയർച്ചയെ കണക്കാക്കുന്നത്. ഫ്രഞ്ച്-ാമാണ്ടിൽ ആദ്യമായി ഇംഗ്ലണ്ടിൽ ഒരു ലേബർ മന്ത്രിസഭ ഉണ്ടാകുന്നതുവരെ അവിടെ ഭരണംനടത്തിയിരുന്ന മന്ത്രിമാരും മറ്റും ഓക്സ്ഫോർഡ് കേംബ്രിഡ്ജ് മുതലായ സർവ്വകലാശാലാബിരുദം നേടി പുറത്തുവന്നവരായിരിക്കണമെന്നുള്ള അലിഖിതമായ ഒരു നടപടിയുണ്ടായിരുന്നു. ഇന്ന് അതെല്ലാംവിട്ട് അവടത്തെ ഭരണസാരഥ്യം വഹിക്കുവാനുള്ള അവകാശം വർത്തമാനക്കടലാസ് വിറ്റുനടന്നിരുന്ന തൊഴിലാളികൾ ഖനികളിൽ വേലയെടുത്തിരുന്ന തൊഴിലാളികൾ അതുപോലെയുള്ള സാധാരണക്കാരനും നൽകപ്പെട്ടന്നതായ ഒരു പരിതസ്ഥിതി വന്നുചേർന്നിട്ടുണ്ട്. ഭരണാധികാരം ന്യൂനപക്ഷവർഗ്ഗങ്ങളുടെകയ്യിൽ മാത്രമുണ്ടായിരുന്നതു് ഉപരിപക്ഷവർഗ്ഗങ്ങളുടെ കയ്യിൽ പകരുന്നതിന്റെ ഒരു ലക്ഷണമാണതു്. അതുപോലെയുള്ള ഒരു അവകാശലബ്ധിയുടെ മുന്നോടിയായിട്ടാണ് ഞാൻ അങ്ങയുടെ ഈ സ്ഥാനാരോഹണത്തെ കണക്കാക്കുന്നതു്. അങ്ങക്ക് സകലവിജയങ്ങളും ഞാൻ ആശംസിച്ചുകൊള്ളുന്നു.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: ഈ നിയമസഭയിലെ നോമിനേറ്റഡ് മെമ്പർമാർക്ക് വളരെ അഭിമാനംകൊള്ളാവുന്ന ഒരവസരമാണിതു്. സാധാരണ നോമിനേറ്റചെയ്യപ്പെട്ടന്ന അംഗങ്ങൾ ഗവൺമെണ്ടിനോട് സഹകരിച്ച് ഗവൺമെണ്ടിന്റെ ഭാഗത്തു വോട്ടു ചെയ്യുന്നതിനുമാത്രം ഇരുന്നിരുന്നവരാണെന്നു് ഇതിനുമുമ്പുള്ള പലരുടേയും ചരിത്രവും അവരുടെ ഈ നിയമസഭയിലുള്ള പ്രവർത്തനങ്ങളും നോക്കിയാൽ കാണാവുന്നതാണ്. എന്നാൽ ഞാൻ അഭിമാനത്തോടുകൂടിപറയുന്നു, ഈ നിയമസഭയിൽ ഇന്നുള്ള നോമിനെറ്റ ചെയ്യപ്പെട്ട അംഗങ്ങൾ ഒരു തരത്തിലും തിരഞ്ഞെടുത്തുവന്നിട്ടുള്ള അംഗങ്ങളിൽനിന്നും പിന്നോക്കം നില്ക്കുന്നില്ല എന്നു്. എല്ലാകാര്യത്തിലും തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളോടുകൂടി സഹകരിച്ചും അവരോടുചേർന്നു് പ്രവൃത്തിച്ചും ഗവൺമെണ്ടിനെ താങ്ങുകയെന്നുള്ള നിലപാടിട്ട് അവരെ ഏതൊരുകാര്യത്തിനുവേണ്ടി നോമിനേറ്റചെയ്യുവോ ആ കാര്യങ്ങളെല്ലാം തികച്ചും സാധിക്കുവാനായിട്ട് മറ്റു ജനപ്രതിനിധികളോടുചേർന്നുനിന്നുകൊണ്ടു പ്രവൃത്തിച്ചതിന്റെ ഫലമായിട്ടാണ് മന്ത്രികക്ഷികളുടെ പരിപൂർണ്ണ പിന്തുണയോടുകൂടി അങ്ങു് ആ സ്ഥാനത്തിരിക്കുന്നതു്. ഇനിമേലാൽ ഈ നിയമസഭയിൽ നോമിനേറ്റചെയ്യപ്പെട്ടന്ന അംഗങ്ങൾ ഉണ്ടാകയില്ല. അതിന്റെ അവസാനഘട്ടത്തിൽ ഇങ്ങിനെയുള്ള ഒരു സ്ഥാനത്തിൽ അങ്ങു് ഉറച്ചിരിക്കുന്നതുകാണുവാൻ ഞങ്ങൾക്കുഭാഗ്യമുണ്ടായതിൽ ഏറ്റവും അഭിമാനമുണ്ട്. അങ്ങു് ആ സ്ഥാനത്തിരുന്നു് ഏറ്റവും പ്രശോഭിച്ചുകാണുവാൻ ഞാൻ ആത്മാർത്ഥമായി അഭിലഷിക്കുന്നതോടൊപ്പംതന്നെ അതിലേക്കുള്ളകഴിവും അങ്ങേക്കുണ്ടാകട്ടെയെന്നു ആശംസിക്കുകയും ചെയ്തുകൊള്ളുന്നു.

മിസ്റ്റർ കെ. കെ. കണ്ണൻ: സർ, അങ്ങയുടെ ഈ സ്ഥാനലബ്ധിയിൽ ഒരു അധഃകൃതപ്രതിനിധിയെന്നനിലയിൽ ഞാൻ ഹാർദ്ദമായി അങ്ങയെ അനുമോദിച്ചുകൊള്ളുന്നു. തൊഴിലാളികളുടെ ശക്തി രാഷ്ട്രീയമായി വളരെയധികം വളർന്നുകഴിഞ്ഞിട്ടുള്ളതിന്റെ ഒരു സൂചനയാണ് അങ്ങു് ഇന്നു് ഈ സമുന്നതമായ സ്ഥാനത്തുവരുവാൽ ഇടയാക്കിയതെന്നുള്ളതു് സ്പഷ്ടമാണു്. ഇങ്ങിനെ കൊച്ചിയിലെ രാഷ്ട്രീയചരിത്രത്തിൽ ഇനിയും അവിടന്നു ഇതിനേക്കാൾ സ്തുത്യർഹവും സമുന്നതവുമായ സ്ഥാനം കൈവരട്ടെ, അതിനുള്ളഭാഗ്യം അങ്ങേക്കുണ്ടാകട്ടെഎന്നു ഞാൻ ആശംസിക്കുന്നു. സകലഭാവുകങ്ങളും ഉണ്ടാകട്ടെ എന്നു ആശിക്കുന്നു.

ചൌധരി ജി. എസ്സ്. ധാരാസിംഗ്:— സർ, അങ്ങയുടെ ഈ സ്ഥാനലബ്ധിയെ അനുമോദിച്ചുകൊണ്ടു് അധികം പ്രസംഗിക്കണമെന്നു ഞാനുദ്ദേശിക്കുന്നില്ല. ഞാൻ പറയുവാൻ ഉദ്ദേശിച്ചിരുന്ന കാര്യങ്ങളെല്ലാംതന്നെ എന്റെ പാർട്ടി ലീഡർ ഇവിടെ പറഞ്ഞു കഴിഞ്ഞു. എങ്കിലും അങ്ങയുമായുള്ള എന്റെ അടുത്ത പരിചയം വെച്ചുകൊണ്ടു് എനിക്കുള്ള ഒരു സംഗതിമാത്രം ഇവിടെ പറയാമെന്നു വിചാരിക്കുന്നു.

എളിയ നിലയിൽനിന്നും ഉയർന്ന് ഈ സ്ഥാനത്തേക്ക് എത്തിയ എന്റെ ഒരു സുഹൃത്തിനു കിട്ടിയതായ ആ ഭാഗ്യത്തിൽ സന്തോഷിക്കുന്ന മറ്റൊരു സുഹൃത്തെന്ന നിലയിലാണ് ഞാൻ അങ്ങയെ അനുമോദിക്കുവാൻ ആഗ്രഹിക്കുന്നതു്. ആദ്യമായി അങ്ങു് ഒരു തൊ

LIBRARY ARCHIVES Kerala Legislative Assembly

ഴിലാളിയായി ജീവിച്ചു" അതിൽനിന്നും ഒരു തൊഴിലാളി പ്രവർത്തകനായി. ക്രമേണ തൊഴിലാളികളുടെ നേതാവായി. അവിടെനിന്നും ഒരു തൊഴിലാളി പ്രതിനിധിയായി ഈ കൌൺസിൽ നോമിനേറ്റ ചെയ്യുതിനുശേഷം എന്റെ സ്നേഹിതൻ വടാക്കാഞ്ചേരി മെമ്പർ ശ്രീമാൻ എഴത്തച്ഛൻ പറഞ്ഞതുപോലെ ഈ രാജ്യത്തെ രണ്ടാമത്തെ കസേരപ്പുറത്തു" കൌൺസിലിലെ പ്രസിഡണ്ടവർകളുടെ അഭാവത്തിൽ പ്രസിഡണ്ടായിരിക്കുവാനുള്ള അവസരം അങ്ങക്ക ലഭിച്ചതിൽ ഞങ്ങൾക്കെല്ലാവക്കും വളരെയധികം സന്തോഷമുണ്ടെന്നാണു" എനിക്ക പറയുവാനുള്ളതു". പ്രത്യേകിച്ചും ബഹുമാനപ്പെട്ട മന്ത്രി അവർകൾ പറഞ്ഞതുപോലെ പിന്നാക്കം സമുദായത്തിൽനിന്നു, വലിയ പഠിത്തവും സമ്പൽകലാശാല ബിരുദവും ഒന്നും ലഭിക്കാതെതന്നെ, ഇതിനുമുമ്പു് ഭരണാധികാരങ്ങളെല്ലാം ചില ഉയർന്ന വർഗ്ഗക്കാരുടെ കയ്യിൽ മാത്രം ഇരുന്നിരുന്നതു് ഇപ്പോൾ ജനസാമാന്യത്തിലേക്ക പകരുന്ന ലക്ഷണം അങ്ങയുടെ ഈ സ്ഥാനലബ്ധിയിൽ ഉള്ളതു് ഒരു പ്രത്യക്ഷോദാഹരണമായി ഞാൻ കാണുന്നതുകൊണ്ടു് ഞാൻ അതിൽ വളരെയധികം സന്തോഷിക്കുകയും ഇതിലും ശോഭനമായ ഒരു ഭാവി ഉണ്ടാകുവാൻവേണ്ടി ആശംസിക്കുകയും ചെയ്തുകൊള്ളുന്നു.

ഡപ്യൂട്ടി പ്രസിഡണ്ടു": ബഹുമാന്യ സാമാജികന്മാരെ; നിങ്ങളുടെ ഔദാര്യപൂർവ്വകമായ ആശംസകൾക്ക ഞാൻ ഹൃദയപൂർവ്വം കൃതജ്ഞത പ്രകാശിപ്പിച്ചുകൊള്ളുന്നു. സമുന്നതമായ ഈ സ്ഥാനം യഥാവിധി നിർവ്വഹിച്ചുകൊണ്ടു പോകുന്നതിനു" എനിക്ക നിങ്ങളുടെ സഹകരണമുണ്ടാകുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. ഗവർമ്മെണ്ടിന്റെ ഔദാര്യത്താൽ ഈ നിയമസഭയിൽ കടന്നുകൂടുവാൻ സാധിച്ച ഒരു സാമാജികൻ മാത്രമായ എന്നെ ഈ നിയമസഭയിലെ ഡപ്യൂട്ടി പ്രസിഡണ്ടായി അല്പം എതിരില്ലാതെ തിരഞ്ഞെടുത്തതു ഒരസാധാരണ സംഭവംതന്നെയാണു"!! നോമനേറ്റ ചെയ്യപ്പെട്ടന്ന സാമാജികന്മാരെപ്പറ്റി പൊതുവെ ഉണ്ടായിരുന്ന അവജ്ഞയെ നീക്കുവാൻ എന്റെ ഈ എതിരില്ലാതെയുള്ള തിരഞ്ഞെടുപ്പുമൂലം സാധിച്ചു വെന്നതു" ഞാൻ ഒരു മഹാകാര്യമായിത്തന്നെ കണക്കാക്കുന്നു. ഈ നിയമസഭയിലെ നമ്മുടെ ബഹുമാനപ്പെട്ട അദ്ധ്യക്ഷനവർകളും ഇന്നലെ തിരഞ്ഞെടുപ്പു പ്രഖ്യാപനം ചെയ്ത അവസരത്തിൽ എന്നെ അനുമോദിക്കുകയുണ്ടായി. എന്റെ ഗുരുനാഥനായ അദ്ദേഹം പ്രസിഡണ്ടായ കാലത്തുതന്നെ സഭയുടെ ഡപ്യൂട്ടി പ്രസിഡണ്ടായിരിക്കുവാൻ അദ്ദേഹത്തിന്റെ ഒരു വിദ്യാർത്ഥിയായ എനിക്ക സാധിച്ചതും ഒരു മഹാഭാഗ്യമായി ഞാൻ കരുതുന്നു. ഈ സ്ഥാനത്തെ യഥാവിധി നിർവ്വഹിച്ചുകൊണ്ടു പോകുന്നതിനു" എന്റെ ഗുരുനാഥന്റെ കഴിവും നിങ്ങളുടെ ഉദാരമായ സഹകരണവും എന്നെ സഹായിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. നിങ്ങൾക്കെല്ലാവക്കും എന്റെ ഹൃദയപൂർവ്വമായ കൃതജ്ഞത.

Resolution No. 4 *(cont)*

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: സർ, ഞാനും ഈ പ്രമേയത്തെ പിൻതാങ്ങുന്നു. അധഃകൃതവിദ്യാർത്ഥികൾക്ക സമയത്തു പുസ്തകങ്ങൾ കിട്ടുന്നില്ലെന്നുള്ള പരാതി ഇന്നോ ഇന്നലയൊ ഉണ്ടായിട്ടുള്ളതല്ല. ഈ ഡിപ്പാർട്ട്മെണ്ടിന്റെ പ്രവർത്തനം ആരംഭിച്ച കാലം മുതൽക്കുതന്നെ തുടങ്ങീട്ടുള്ളതാണു". അധഃകൃതസംരക്ഷണ ഡിപ്പാർട്ട്മെണ്ടു" ഒരു പ്രത്യേക ഡിപ്പാർട്ട്മെണ്ടായി രൂപാന്തരപ്പെടുന്നതിനുമുമ്പു് ഡയറക്ടർ ശ്രീമാൻ സി. മത്തായി അവർകളുടെ നേതൃത്വത്തിൽ ഇതിന്റെ പ്രവർത്തനം നടന്നുകൊണ്ടിരിക്കുമ്പോൾ അധഃകൃതവിദ്യാർത്ഥികൾക്ക സമയത്തിനു പുസ്തകങ്ങൾ കിട്ടിക്കൊണ്ടിരുന്നുവെന്നുള്ള പരമാർത്ഥം ഞാൻ ഇടപ്പോഴും വളരെ കൃതജ്ഞതയോടുകൂടി സ്മരിക്കുന്നുണ്ടു". അന്നു് അതിന്നിടയായതിനു് ഒന്നു രണ്ടു പ്രധാന കാരണങ്ങളുണ്ടു്. അതിൽ ഒന്നാമത്തേതു് അദ്ദേഹത്തിനു അധഃകൃതവിദ്യാർത്ഥികൾക്ക വിദ്യാഭ്യാസം നൽകുന്നതിനുണ്ടായിരുന്ന ആത്മാർത്ഥതയാണു". അധഃകൃതവിദ്യാർത്ഥികളെ കൂടുതൽ കൂടുതലായി സ്കൂളുകളിൽ ചേർക്കുന്നതിനും അവക്ക പുസ്തകങ്ങൾ സമയത്തു നൽകുന്നതിനും വേണ്ട നിശ്ചിതമായ നിർദ്ദേശങ്ങൾ അദ്ദേഹം ചെയ്തിരുന്നു. വിദ്യാർത്ഥികളെ സ്കൂളുകളിലേക്ക കൂടുതൽ കൂടുതലായി ആകർഷിക്കുവാൻ അദ്ധ്യാപകന്മാരെ ചുമതലപ്പെടുത്തുകയും അപ്പോഴപ്പോൾ താക്കീതു നൽകുകയും ചെയ്തുവന്നിരുന്നു. വിദ്യാർത്ഥികൾക്കെല്ലാം യഥാവസരം പുസ്തകങ്ങൾ കൊടുത്തു് വിദ്യാഭ്യാസ വിഷയത്തിൽ അവരെ വേണ്ടിടത്തോളം പ്രോത്സാഹിപ്പിച്ചിരുന്നു. അദ്ദേഹത്തിന്റെ കാലശേഷം ഇതു് ഒരു പുതിയ ഡിപ്പാർട്ട്മെണ്ടായി രൂപാന്തരപ്പെട്ടതോടുകൂടി വിദ്യാഭ്യാസ ഡിപ്പാർട്ട്മെണ്ടിൽ നിന്നു ഇക്കാര്യത്തിൽ ഉണ്ടായിക്കൊണ്ടിരുന്നതായ യാതൊരു സഹായങ്ങളും ഇല്ലാതെയാവുകയും, കാലക്രമത്തിൽ ഈ ഡിപ്പാർട്ട്മെണ്ടിനോടു് ഒരു ചിറ്റമ്മനയം കാണിച്ചുതുടങ്ങുകയും ചെയ്തു. ഇന്നും ഏതാണ്ടു് അതേ നിലതന്നെയാണുള്ളതു". എനിക്കറിയാം ഇന്നു് പല സ്കൂളുകളിലും പല അദ്ധ്യാപകന്മാരും അധഃകൃതവിദ്യാർത്ഥികളെ വളരെ അവജ്ഞയോടുകൂടി

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. Kochu Kuttan]

വീക്ഷിക്കുന്നുണ്ടെന്നുള്ളതു്. പല സ്കൂളുകളിലേയും അദ്ധ്യാപകന്മാർ ഈ വിദ്യാർത്ഥികളെ "പണ്ടാരവക" എന്നു പറയുന്നതും എനിക്കു കേട്ടറിവുണ്ടു്. അങ്ങിനെ വീക്ഷിക്കുന്ന ഒരു നയം അദ്ധ്യാപകന്മാർക്കുള്ളതുകൊണ്ടു് അധഃകൃതവിദ്യാർത്ഥികൾക്കുള്ള പുസ്തകത്തിന്റെ ഇൻറന്റു് യഥാവസരം അയക്കുവാനുള്ള സന്മനസ്സു് അവർക്കുണ്ടാകുന്നില്ല. സംരക്ഷണ ഡിപ്പാർട്ടുമെണ്ടിൽനിന്നു പുസ്തകങ്ങൾ തക്കസമയത്തു് അനുവദിച്ചു കൊടുക്കണമെങ്കിൽ അതിനുള്ള ഇൻറന്റുകൾ കാലെക്കൂട്ടി കിട്ടാതെ തരമില്ല. അതിനു ഇപ്പോൾ കാലതാമസം നേരിടുന്നുണ്ടു്. ഈ സംഗതിയിൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി വേണ്ടിടത്തോളം ശ്രദ്ധ വെക്കാമെന്നും കർശനമായ നടപടികൾ എടുക്കാമെന്നും പറഞ്ഞു കേട്ടതിൽനിന്നു് അടുത്തു തന്നെ അതിനു ഒരു നിവാരണമുണ്ടാകുമെന്നു് നമുക്കു സമാശ്വസിക്കുവാൻ കഴിയും. ഇൻറന്റുകൾ താമസിയാതെ അയപ്പിക്കുന്നതിനു മാത്രമല്ല പുസ്തകങ്ങളും വേണ്ടുന്നകാലത്തു കിട്ടാതിരിക്കുന്നതും പരിഹരിക്കുവാൻ ഉള്ള പദ്ധതിയും ആലോചിച്ചുവരുന്നുണ്ടു്. അതു് ഉടനെ നടപ്പിലാകുമെന്നു് അദ്ദേഹം പറയുകയുണ്ടായി. ആ നടപടികൾ നടപ്പിൽവന്നാൽ പുസ്തകങ്ങളെല്ലാം യഥാവസരം കൊടുക്കുന്നതിനു സാധിക്കും. എന്നാൽ ഇന്നു നിലവിലുള്ളമാതിരി പുസ്തകങ്ങൾ വിതരണം ചെയ്യുവാനുള്ള പദ്ധതിയനുസരിച്ചു് അധഃകൃത സംരക്ഷണ ഡിപ്പാർട്ടുമെണ്ടിനു പ്രവർത്തിക്കുവാൻ കഴിഞ്ഞു കാലതാമസം വരാതെ നിവൃത്തിയില്ല. കാരണം ഇൻറന്റുകളെല്ലാം അവിടെ കിട്ടുന്നതുതന്നെ താമസിച്ചാണു്. അതുകൊണ്ടു് സംരക്ഷണ ഡിപ്പാർട്ടുമെണ്ടാണു് ഇൻറന്റുകൾ വെച്ചു താമസിപ്പിക്കുന്നതെന്നു പറഞ്ഞാൽ അതിനോടു യോജിക്കുവാൻ ഞാൻ തയ്യാറില്ല. ഇപ്പോഴത്തെ അധഃകൃത സംരക്ഷകൻ അവിടെ കിട്ടുന്ന ഇൻറന്റുകളൊന്നും മൂന്നു ദിവസത്തിൽ കൂടുതൽ താമസിപ്പിച്ചിട്ടില്ലെന്നുള്ള പരമാർത്ഥം എനിക്കറിയാം. അധഃകൃത ഡിപ്പാർട്ടുമെണ്ടിൽ കിട്ടുന്ന ഇൻറന്റുകൾ അതാതവസരങ്ങളിൽ അനുവദിച്ചയക്കുന്നുണ്ടെങ്കിലും മറെറാരു പ്രകാരത്തിൽ വളരെ താമസം നേരിടുന്നുണ്ടു്.

ഈ പുസ്തകങ്ങളെല്ലാം കൺട്രാക്ടർമാർവഴി വിതരണം ചെയ്യപ്പെടുന്നതിൽ വരുന്ന വിഷമതകളെപ്പററിയാണു് എനിക്കു പറയുവാനുള്ളതു്. കൺട്രാക്ടർമാക്കു് പുസ്തകങ്ങൾ വിതരണം ചെയ്യുന്നതിനു് കൂടികൾ എത്രത്തോളമുണ്ടു്, പുസ്തകങ്ങൾ എത്രവേണം എന്നു തീർച്ചയായതിനു ശേഷമല്ലാതെ സാദ്ധ്യമല്ല. എന്നാൽ ചിലക്കുമാത്രം പുസ്തകങ്ങൾ നേരത്തെ കിട്ടുവാനും ചിലക്കുമാത്രം ഇങ്ങിനെ താമസിച്ചു കിട്ടുവാനും കാരണമായി പലരും വിചാരിക്കുന്നതു്, പുസ്തകങ്ങൾ എത്തിച്ചു കൊടുക്കുന്നതിനുള്ള ക്രൂലിച്ചിലവു കുറക്കുവാൻവേണ്ടിയാണെന്നാണു്. കൺട്രാക്ടർമാർ മുഖേന വിതരണം ചെയ്യുന്നതായാൽ എല്ലാ പുസ്തകങ്ങളും നേരത്തെ സമ്പാദിക്കുന്നതിനും അതു സമയത്തു കൂടികൾക്കു വിതരണം ചെയ്യുന്നതിനും സാധിക്കുകയില്ല. കുറെ പുസ്തകങ്ങൾ കിട്ടുകയും കുറെ കിട്ടാതിരിക്കുകയും ചെയ്യുമ്പോൾ കൺട്രാക്ടർ ക്രൂലിച്ചിലവു കുറക്കുവാൻവേണ്ടി എല്ലാ പുസ്തകങ്ങളും കിട്ടിയതിനുശേഷം ഒന്നിച്ചു വിതരണം ചെയ്യുകയുള്ളൂ. അതുകൊണ്ടു് ഈ കൺട്രാക്ടറുടെ സമ്പ്രദായം ഗവൺമെണ്ടു നിറുത്തണം. ഈ ടെണ്ടർ റിഡക്ഷൻ കിട്ടുന്നതു് വലിയ ലാഭമുള്ള ഒരു ഏർപ്പാടാണെന്നാണു് ഗവൺമെണ്ടിനു തോന്നീട്ടുള്ളതു്. നിസ്സാരമായ ഒരു ടെണ്ടർ റിഡക്ഷനുവേണ്ടി വളരെ പണം ഗവൺമെണ്ടു് ചിലവുചെയ്യുന്നതു് പ്രയോജനമില്ലാതായി തീരുന്നുണ്ടു്. ഈ പുസ്തകങ്ങളെല്ലാം ഇനിമേൽ ടെണ്ടർ വിളിച്ചു കൊടുക്കാതെ ഡിപ്പാർട്ടുമെണ്ടിൽനിന്നുതന്നെ വിതരണം ചെയ്യിക്കുവാൻ ഗവൺമെണ്ടു വൈമുഖ്യം കാണിക്കരുതു്. ഒന്നുകിൽ ഗവൺമെണ്ടു് എല്ലാ സ്കൂളുകളിലും എത്തിച്ചുകൊടുക്കണം. അല്ലെങ്കിൽ ഓരോ താലൂക്കിലും ഒന്നോ രണ്ടോ പ്രദേശത്തു ഗവൺമെണ്ടുവക ഡിപ്പോ തുറന്നു് അവിടെനിന്നു വാങ്ങിക്കുവാനുള്ള ഏർപ്പാടുകൾ ചെയ്യണം. ഇങ്ങിനെ ചെയ്യുകയാണെങ്കിൽ തീർച്ചയായും വിദ്യാർത്ഥികൾക്കു പുസ്തകം സമയത്തു കിട്ടും. ഇൻഡൻറു സിസ്റ്റം ആവശ്യമുള്ളപക്ഷം ഇൻഡൻറു നേരത്തെ അയക്കുവാൻ അദ്ധ്യാപകന്മാരെ നിർബ്ബന്ധിക്കണം. അല്ലെങ്കിൽ ഇൻറന്റു സിസ്റ്റം എടുത്തുകളയണം. സ്കൂൾ തുറന്ന അഡ്മിഷൻ എല്ലാം കഴിഞ്ഞു ഇൻഡൻറു അയക്കുകയാണെങ്കിൽ കൂടികൾക്കു പുസ്തകങ്ങൾ കിട്ടുന്നതിനുകാലതാമസം വരും. വേറെ ഒരു മാർഗ്ഗമുള്ളതു് സ്കൂൾ അടക്കുമ്പോൾ റിസൾട്ടു് ഇന്ന മാതിരിയായിരിക്കുമെന്നും പുതുതായി ഇത്ര കൂടികൾ ചേരുമെന്നും കണക്കാക്കി നേരത്തെ ഇൻഡൻറു അയച്ചു് പുസ്തകം വരുത്തി വെക്കണമെന്നുള്ളതാണു്. ചില ക്ലാസ്സുകളിൽ അനുമാനം ഒരു പക്ഷേ ശരിയാകയില്ല. അങ്ങിനെയുള്ള ക്ലാസ്സുകളിൽ മാത്രം ഒരു ടെൻറററീവു മെക്കായിട്ടു കൂടുതൽ പുസ്തകം ശേഖരിച്ചുവെച്ചു വിതരണം ചെയ്യുകയും മറവുള്ളവക്കെല്ലാം ക്ലിപ്തകാലത്തി

LIBRARY ARCHIVES Kerala Legislative Assembly

ന്നള്ളിൽ വിതരണം ചെയ്യുന്നതിനു ഏർപ്പാടു ചെയ്യുകയും വേണം. ഇങ്ങിനെയാണെങ്കിൽ ഇപ്പോഴത്തെ വിഷമങ്ങൾക്കു പരിഹാരമുണ്ടാകും. ഈ കാര്യങ്ങൾ ബഹുമാനപ്പെട്ട ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പെടുത്തികൊണ്ടു് ഞാൻ വിരമിക്കുന്നു.

* റാവുസാഹിബു് കെ. അയ്യപ്പൻ: സർ, ഈ പ്രമേയം ഇവിടെ ആലോചനക്കുവന്നതിൽ ഞാൻ വളരെ സന്തോഷിക്കുന്നു. രണ്ടു പ്രയോജനം ഇതുകൊണ്ടുണ്ടായിട്ടുണ്ടു്. അധഃകൃതവിദ്യാർത്ഥികൾക്കു പുസ്തകവും മറ്റും വേണ്ട സമയത്തു കൊടുക്കണമെന്നു് ഗവൺമെണ്ടിനു ഇപ്പോൾ തന്നെയുള്ള ബോധത്തെ ഒന്നുകൂടി ഉറപ്പിക്കുവാൻ ഈ പ്രമേയം സഹായിക്കും. ഇതിനും പുറമെ ഈ കാര്യത്തിൽ ഉണ്ടായിരുന്ന പല തെറ്റിദ്ധാരണകളും നീക്കുവാനും ഇന്നത്തെ വാദപ്രതിവാദം സഹായിച്ചിട്ടുണ്ടു്. പുസ്തകം കിട്ടാത്തതു് അധഃകൃതവിദ്യാർത്ഥികൾക്കു മാത്രമാണെന്നു് ഒരു തെറ്റായധാരണയുണ്ടു്. എന്നാൽ നേരെമറിച്ചാണു് അനുഭവം. അധഃകൃതവിദ്യാർത്ഥികൾക്കു് കിട്ടിയിട്ടുള്ള പുസ്തകങ്ങൾ മറ്റുള്ളവർക്കു കിട്ടാതെയുണ്ടു്. എസ്സു്. എസ്സു്. എൽ. സി. ക്ലാസ്സിലേക്കുള്ള ടെക്സ്റ്റു് പുസ്തകങ്ങൾ അധഃകൃതവിദ്യാർത്ഥികൾക്കു എല്ലാവർക്കും കിട്ടിയിട്ടുണ്ടു്. അതു കിട്ടാതെ മറ്റു വളരെ കുട്ടികൾ വിഷമിച്ചിട്ടുണ്ടു്.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: അധഃകൃതവിദ്യാർത്ഥികളിൽതന്നെ ആ പുസ്തകം കിട്ടീട്ടില്ലാത്ത വളരെ പേരുണ്ടു്.

റാവുസാഹിബു് കെ. അയ്യപ്പൻ: യൂണിവേഴ്സിറ്റി റജിസ്ട്രാർക്കെഴുതി പുസ്തകം വരുത്തുകയാണു് ചെയ്തതു്. അതുകൊണ്ടു് ആ പുസ്തകം മറ്റുള്ളവർക്കു അത്ര സൌകര്യത്തിനു കിട്ടിയില്ല. കണ്ടാക്ടു് എടുത്തിരുന്ന ആൾ പുസ്തകം കൊടുക്കുന്ന കാര്യത്തിൽ അമാന്തം കാണിച്ചില്ല എന്നുള്ള കാര്യത്തെപ്പറ്റി ഞാൻ പറയുന്നില്ല. വിദ്യാഭ്യാസമന്ത്രി അവർകൾ പറഞ്ഞ ഒരു പ്രധാനകാരണം കൊണ്ടും പുസ്തകം കിട്ടാതെ വന്നിട്ടുണ്ടു്. പബ്ലിഷേഴ്സു് പുസ്തകം അച്ചടിച്ചു പ്രസിദ്ധപ്പെടുത്തീട്ടില്ല. ഇതിനും പുറമെ വിദ്യാഭ്യാസമന്ത്രി അവർകൾ പറഞ്ഞതുപോലെ അഡ്മിഷൻ കഴിഞ്ഞു ഇത്ര കുട്ടികളുണ്ടു് എന്നു തീർച്ചയാക്കി റിപ്പോർട്ടു ചെയ്യുന്നതിനു താമസം നേരിടുന്നുണ്ടു്. ഇങ്ങിനെ താമസത്തിനു പല കാരണങ്ങളുമുണ്ടു്. കണ്ടാക്ടർമാരും ഈ താമസത്തിനു സഹായിച്ചിട്ടുണ്ടാകാം. മേലാൽ ഈ വിഷമങ്ങൾ വരാതിരിക്കുന്നതിനുവേണ്ട ഏർപ്പാടുകളെല്ലാം ചെയ്യുന്നുണ്ടു്. വിദ്യാഭ്യാസമന്ത്രി അവർകൾ പറഞ്ഞ കാര്യങ്ങളെല്ലാം നടപ്പിൽ വരുത്തുവാൻ ഇക്കൊല്ലം തന്നെ സാധിക്കുമോ എന്ന സംഗതിയിൽ സംശയമുണ്ടു്. ഗവൺമെണ്ടിൽനിന്നും പുസ്തകം എഴുതിച്ചു് പബ്ലിഷു് ചെയ്ത സപ്ലൈ ചെയ്യുന്നതു ഇക്കൊല്ലം സാധിക്കുന്ന കാര്യമല്ല. അദ്ദേഹം നിർദ്ദേശിക്കുന്ന ആ സമ്പ്രദായം വരുന്ന കൊല്ലത്തിൽ നടപ്പാകും. അപ്പോൾ ഈ പ്രയാസമെല്ലാം ഇല്ലാതെയാകും.

പിന്നെ ഡിപ്പാർട്ടുമെണ്ടു വഴി വിതരണം നടത്തണമോ കണ്ടാക്ടർ വഴി നടത്തണമോ എന്നുള്ളതു് വളരെ ഗാഢമായിട്ടു ആലോചിക്കേണ്ട കാര്യമാണു്. അതു എളുപ്പത്തിൽ ഒരു തീരുമാനമുണ്ടാക്കാവുന്ന ഒരു കാര്യമാണെന്നു എനിക്കു തോന്നിട്ടില്ല. ടെണ്ടർ റിഡക്ഷനുവേണ്ടിയല്ല ഇതു ചെയ്യുന്നതു്. ഡിപ്പാർട്ടുമെണ്ടിൽനിന്നു പുസ്തകം ശേഖരിച്ചു വിതരണം ചെയ്യുന്നതാണു് നല്ലതു് എന്നുണ്ടെങ്കിൽ അങ്ങിനെ ചെയ്യുവാൻ വിരോധമില്ല. ഇപ്പോൾ തന്നെ ധാരാളം ജോലിയുള്ള ഡിപ്പാർട്ടുമെണ്ടിനു ഈ ജോലിയും കൂടി കൊടുക്കണമൊ അതൊ കുറച്ചു പണം നഷ്ടംവന്നാലും പുസ്തകം കൃത്യമായി കൊടുക്കുന്നതിനു കണ്ടാക്ടരെ ഏല്പിക്കണമൊ എന്ന കാര്യം ഇപ്പോഴും ആലോചനയിൽ ഇരിക്കുന്നതേയുള്ളു. എതായാലും പുസ്തകം സമയത്തു കിട്ടുന്നതിനുവേണ്ട ഏർപ്പാടുകളും ചെയ്യുന്നതിനു ഗവൺമെണ്ടു കാര്യമായി ശ്രമിക്കുന്നതായിരിക്കും. പുസ്തകം കിട്ടാത്തതിൽ ഈ നിയമസഭയിലെ മെമ്പർമാർക്കു പ്രത്യേകിച്ചും അനുദ്യോഗസ്ഥമെമ്പർമാർക്കു ധർമ്മരോഷമുണ്ടായതിൽ എനിക്കു അത്ഭുതം തോന്നുന്നില്ല. പുസ്തകങ്ങളും മറ്റുപകരണങ്ങളും കിട്ടുന്നില്ലെന്നു് പത്രങ്ങളിലും മറ്റും റിപ്പോർട്ടു കണ്ടപ്പോൾ അവരേക്കാൾ പത്തിരട്ടി ധർമ്മരോഷം എനിക്കുണ്ടായി. എന്നാൽ അതിനെപ്പറ്റി അന്വേഷിച്ചു വന്നപ്പോൾ രോഷത്തിനു ആവശ്യമില്ലെന്നു മനസ്സിലാക്കേണ്ടിവന്നു. വിദ്യാഭ്യാസമന്ത്രി അവർകൾ പറഞ്ഞ കാരണങ്ങൾകൊണ്ടും ജനങ്ങളുടെയിടയിൽനിന്നു തെറ്റിധാരണ നീക്കുവാൻ സാധിച്ചതുകൊണ്ടും മേലാൽ ഇങ്ങിനെയുള്ള അമാന്തങ്ങൾ വരാതിരിക്കുവാൻ ഗവൺമെണ്ടു് കൂടുതൽ ശ്രദ്ധിക്കുന്നതിനു ഈ പ്രമേയം സ്വീകരിക്കുന്നതിനു ഗവൺമെണ്ടു തയ്യാറാണെന്നു പ്രസ്താവിച്ചുകൊള്ളുന്നു.

*Speech not corrected by the Hon'ble Member

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. കെ. കണ്ണൻ: സർ, ഇതിൽ കാര്യമായ നടപടികൾ എടുത്തു് ഇനി ഇതു പോലെയുള്ള കഴപ്പുണ്ടാകാതിരിക്കുവാൻ ഗവൺമെണ്ടു് ശ്രദ്ധിക്കുന്നതാണെന്നു പറഞ്ഞിട്ടുള്ളതുകൊണ്ടു് ഞാൻ ഈ പ്രമേയത്തെ പിൻവലിച്ചുകൊള്ളുന്നു.

Resolution, by leave, withrawn

RESOLUTION No. 5

Request for appointment of a Committee for Standardising the pay of the services

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: *"This Council recommends to Government that a Committee of this House be at once appointed for standardising the pay of the Services"* സർ, ഈ പ്രമേയം ഫ ഫ ഫ ാമാണ്ടു് ലെജിസ്ലേറ്റീവു് സെഷന്റെ ആദ്യയോഗത്തിലേക്കു ഞാൻ അയച്ചതാണു്. ഇതു് ഫ ഫ ഫ-ാമാണ്ടു് മേടമാസത്തിലെ യോഗത്തിലാണു് ആലോചനക്കു വന്നതു്. ഇതിനിടയിൽ പല സംഗതികളും മുഴവൻ തൃപ്തികരമല്ലെങ്കിലും നടന്നുകഴിഞ്ഞിട്ടുണ്ടു്. ഈ പ്രമേയം കിട്ടിയതിന്റെ ഫലമായിട്ടോ അതൊ വേറെ കാരണങ്ങൾകൊണ്ടോ എന്നെനിക്കറിഞ്ഞുകൂടാ, ഫ ഫ ഫ കക്കടകത്തിൽ കൂടിയ ബഡ്ഡറ്റ സമ്മേളനത്തിൽ ചില ചോദ്യങ്ങൾക്കു ഉപചോദ്യങ്ങൾ ചോദിക്കുന്ന അവസരത്തിൽ അന്നത്തെ ദിവാൻപ്രസിഡണ്ടു് പറയുകയുണ്ടായി—എന്റെ ഉപചോദ്യത്തിനു മറുപടിയായിട്ടാണു് അദ്ദേഹം പറഞ്ഞതു്—കൊച്ചിഗവൺമെണ്ടിലെ ഗവൺമെണ്ടുജീവനക്കാരുടെ ശമ്പളം പരിശോധിച്ചു് ശരിപ്പെടുത്തുന്നതിനു ഉദ്ദേശമുണ്ടെന്നും അതിനൊരു ഔദ്യോഗിക എക്സ്പാർട്ട് കമ്മിറ്റിയായി മൂന്നുപേരെ നിശ്ചയിച്ചിട്ടുണ്ടെന്നും. ഇതു പറഞ്ഞ അവസരത്തിൽ ആ വിദഗ്ദ്ധകമ്മിറ്റിയുടെ അഭിപ്രായം ഈ സഭയുടെ പൂർവ്വാലോചനക്കു കൊണ്ടുവരുമൊ എന്നു ചോദിച്ചപ്പോൾ ആവാമെന്നും പറഞ്ഞു. പിന്നീടുണ്ടായതു്, ഗവൺമെണ്ടു് അധികാരസ്ഥാനത്തിരിക്കുമ്പോൾ പറഞ്ഞതാണെന്നുവരികിലും അതിനെ മറന്നു എന്നു തോന്നുന്നമാറു് നിയമസഭയുടെ ആലോചനക്കു ഈ റിപ്പോർട്ടുകൊണ്ടു വരുന്നില്ലെന്നും നിയമസഭയിൽ വെച്ചാലുണ്ടാകാവുന്ന കാര്യങ്ങളെല്ലാം നിയമസഭയിൽനിന്നും തിരഞ്ഞെടുത്ത ഒരു അനുദ്യോഗസ്ഥകമ്മിറ്റിയുടെ പരിശോധനകൊണ്ടു് നിവൃത്തിക്കാമെന്നുമുള്ള ഗവൺമെണ്ടിന്റെ കാലുമാറ്റമാണു്. ഞാൻ അപ്പോൾ അതിനെ പ്രതിഷേധിക്കാതിരുന്നിട്ടില്ല. എന്നിട്ടു് എന്താണു് പെയ്യുന്നു? ഈ അനുദ്യോഗസ്ഥകമ്മിറ്റി അവരെക്കൊണ്ടു് ആവുന്ന വേഗത്തിൽ ചില നിർദ്ദേശങ്ങൾ, ആ കമ്മിറ്റിയുടെ മേൽസ്ഥാനങ്ങളിൽനിന്നു ചില നിർദ്ദേശങ്ങൾ അനുസരിച്ചുള്ള ചില സുപാർശകൾ അടങ്ങിയ ഒരു റിപ്പോർട്ട് ഗവൺമെണ്ടിലേക്കു സമർപ്പിച്ചു. ഗവൺമെണ്ടു് അതിൽ ചില ഭേദഗതികൾ വരുത്തീട്ടുണ്ടെന്നു കടലാസ്സിൽ കാണുന്നുണ്ടു്. അതു കുറെ കാലമായി ക്യാബിനറ്റിന്റെ ആലോചനയിൽ ഇരിക്കുകയാണു്. അതൊന്നു പുറത്തുവന്നുകണ്ടാൽ കൊള്ളാമെന്നു ആശയുണ്ടു്. വേണ്ടസമയത്തു് ക്യാബിനറ്റ പ്രവൃത്തിക്കുന്നതാണെന്നു എനിക്കു തീർച്ചയായും വിശ്വാസമുണ്ടു്. ഇതൊക്കെയായാലും എന്റെ ഈ പ്രമേയം അവതരിപ്പിക്കുവാൻ കാരണം Pay standardise ചെയ്തിട്ടുണ്ടോ എന്നറിയുന്നതിനാണു്. ഈ കമ്മിറ്റി ഒരു തത്വമെന്ന നിലക്കു ഡ ൦ ൦ക. ശമ്പളത്തിനു താഴെയുള്ള ശമ്പളം സ്റ്റാൻഡർഡൈസു് ചെയ്തിട്ടുണ്ടോ എന്നറിയുവാൻ സാധിച്ചിട്ടില്ല. അതു് മറുപടി സമയത്തു് പാഞ്ഞുകേട്ടാൽ കൊള്ളാം. ഗവൺമെണ്ടു് അതു രഹസ്യമായി വെച്ചിരിക്കുമെന്നു എനിക്കു തോന്നുന്നില്ല. നിങ്ങളുടെ കാലതാമസംകൊണ്ടും എന്തോ കാരണവശാലുള്ള അമാന്തംകൊണ്ടും ഈ പ്രമേയം ഞാൻ അവതരിപ്പിച്ചുവെന്നേയുള്ളു. ഗവൺമെണ്ടു് ഒന്നാലോചിക്കണം. അതായതു് ചെറിയ ശമ്പളക്കാരായ ആളുകൾ മനുഷ്യരാണെന്നു ആദ്യം മനസ്സിലാക്കണം. അവർക്കു വളരെ ബുദ്ധിമുട്ടുകൾ ഉണ്ടെന്നും അറിഞ്ഞിരിക്കണം. ഈ അറിവുവെച്ചുകൊണ്ടു് അവർക്കു് മറവുള്ളവരെപോലെ ബുദ്ധിമുട്ടുകൂടാതെ ജീവിതം കഴിക്കുന്നതിനു വേണ്ടതു സംഖ്യ ഫ ഫ മണി മുതൽ ഈ മണിവരെ, ആവശ്യമുണ്ടെങ്കിൽ ഡ ൪ മണിക്കുറം പണിയെടുക്കണമെന്നുണ്ടെങ്കിൽ ഗവൺമെണ്ടു് അവർക്കു നല്ല ശമ്പളം കൊടുക്കണം. ഗവൺമെണ്ടിന്റെ ജോലി നോക്കുന്ന ചില ആളുകൾ മേല്പോട്ടുപോകും. ഇന്നലെ ഒരു ചോദ്യത്തിനു ഉത്തരം പറഞ്ഞു ബി. എൽ. പാസായ ഒരാൾ ഫ ൫ കൊല്ലത്തെ സർവ്വീസ്സിനുശേഷം ന്യ ൦—വ ൦ക ഗ്രേഡിലാണു് കിടക്കുന്നതു് എന്നു്. ഈ ബി എൽ. കാരൻ ഇങ്ങിനെ കിടന്നു നരകിക്കുവാൻ കാരണമെന്താ

LIBRARY ARCHIVES Kerala Legislative Assembly